# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 11** **website: [www.uoc.ac.in](http://www.uoc.ac.in)**

---

### സിൻഡിക്കേറ്റ് യോഗം

കാലിക്കറ്റ് സർവകലാശാലാ സിൻഡിക്കേറ്റ് യോഗം സെപ്റ്റംബർ 19-ന് ( ശനി ) രാവിലെ 10.00 മണിക്ക് സർവകലാശാലാ സിൻഡിക്കേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

***പി.ആർ. 1299/2026***

### ഡോ. സന്തോഷ് നമ്പിക്ക് നാഷണൽ സയൻസ് അക്കാദമി ഫെലോഷിപ്പ്

ദേശീയതലത്തിൽ ശാസ്ത്രരംഗത്തെ ഉന്നത ബഹുമതിയായ ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി ഫെലോഷിപ്പിന് (ഐ.എൻ.എസ്.എ. ഫെലോഷിപ്പ് - 2027) കാലിക്കറ്റ് സർവകലാശാലാ ബോട്ടണി പഠനവകുപ്പ് റിട്ടയേർഡ് സീനിയർ പ്രൊഫസർ ഡോ. സന്തോഷ് നമ്പിയെ തിരഞ്ഞെടുത്തു. സസ്യവർഗീകരണശാസ്ത്രം, സസ്യപരിണാമം, തന്മാത്രാ ഫൈലോജനി തുടങ്ങിയ മേഖലകളിൽ ദേശീയ - അന്തർദേശീയ തലത്തിൽ അദ്ദേഹം നൽകിയ ശ്രദ്ധേയമായ സംഭാവനകൾ പരിഗണിച്ചാണ് അംഗീകാരം. പശ്ചിമഘട്ടത്തിലെ സസ്യവൈവിധ്യ പഠനങ്ങളിലും അദ്ദേഹം നിർണായക സംഭാവനകൾ നൽകിയിട്ടുണ്ട്. സർവകലാശാലയിൽ കോളേജ് ഡിവലപ്മെന്റ് ഡയറക്ടർ, ബോട്ടണി വകുപ്പ് മേധാവി, എസ്റ്റേറ്റ് ഓഫീസർ തുടങ്ങിയ വിവിധ ഭരണപരമായ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂറിലധികം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹം ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദേശം 40 പുതിയ സസ്യസ്പീഷീസുകളെ ശാസ്ത്രീയമായി കണ്ടെത്തുകയും വിവരണം നടത്തുകയും ചെയ്തിട്ടുണ്ട്. തൊടുപുഴ വണ്ണപ്പുറം നമ്പ്യാപറമ്പിൽ കുടുംബാംഗമാണ് ഡോ. സന്തോഷ് നമ്പി. റിട്ടയേർഡ് അധ്യാപിക ഷിബിയാണ് ഭാര്യ.

***ഫോട്ടോ :*** *ഡോ. സന്തോഷ് നമ്പി*

***പി.ആർ. 1300/2026***

### സൈക്കോളജി പഠനവകുപ്പിൽ ശില്പശാല സംഘടിപ്പിച്ചു

ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ സൈക്കോളജി പഠനവകുപ്പും ലിസണിംഗ് കമ്യൂണിറ്റി ആന്റ് ടീം ഇൻകുബേഷനും സംയുക്തമായി " ഗേറ്റ് കീപ്പർ ട്രൈനിങ് " ശില്പശാല സംഘടിപ്പിച്ചു. വകുപ്പ് മേധാവി ഡോ. എസ്. കിരൺ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. അബ്ദുൽ ഗഫൂർ വിഷയാവതരണം നടത്തി. ആത്മഹത്യാ പ്രതിരോധത്തിന്റെ ഭാഗമായി പരി

ശീലനം ലഭിച്ച വളണ്ടിയർമാരുടെ നമ്പർ ചേർത്തുള്ള പോസ്റ്ററുകൾ ക്യാമ്പസിന്റെ പ്രധാന ഭാഗങ്ങളിൽ പതിച്ചു. ആവശ്യമുള്ളവർക്ക് സൗജന്യമായി സേവനങ്ങൾ നല്കാൻ സൈക്കോളജി പഠനവകുപ്പിലെ ഈ വളണ്ടിയർമാരുടെ സേവനം ലഭ്യമാക്കും. ഡോ. നീതുലാൽ, വി.എച്ച്. അസ്ന, റന എൽസ പീറ്റർ, സഫ ഷംസുദ്ധീൻ, ദിയ, ഇശ, സാഹിത്, അമൃത, കരണ നരസിംഹമൂർത്തി തുടങ്ങിയവർ സംസാരിച്ചു.

***ഫോട്ടോ :*** *ലോക ആത്മഹത്യാ പ്രതിരോധ ദിനാചരണത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ സൈക്കോളജി പഠനവകുപ്പും ലിസണിംഗ് കമ്യൂണിറ്റി ആന്റ് ടീം ഇൻകുബേഷനും സംയുക്തമായി സംഘടിപ്പിച്ച ശില്പശാലയിൽ പങ്കെടുത്തവർ.*

***പി.ആർ. 1301/2026***

**സർവകലാശാലാ ടീച്ചർ എജ്യുക്കേഷൻ സെന്ററുകളിൽ**
**കോമേഴ്സ് അധ്യാപക നിയമനം**

കാലിക്കറ്റ് സർവകലാശാലാ ടീച്ചർ എജ്യുക്കേഷൻ സെന്ററുകളിലെ (സി.യു.ടി.ഇ.സി.) ബി.എഡ്. പ്രോഗ്രാമിന് കോമേഴ്സ് വിഭാഗത്തിൽ കരാറടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് 20.07.2026 തീയതിയിലെ വിജ്ഞാപന പ്രകാരം ഓൺലൈനായി അപേക്ഷിച്ചവരിൽ യോഗ്യരായവർക്കുള്ള അഭിമുഖം ഒക്ടോബർ 08-ന് നടക്കും. കേന്ദ്രം : സർവകലാശാലാ ഭരണകാര്യാലയം. വിശദ വിവരങ്ങൾക്ക് www.uoc.ac.in .

***പി.ആർ. 1302/2026***

**അഫ്സൽ - ഉൽ - ഉലമ ( പ്രിലിമിനറി ) പ്രവേശനം**
**ഉയർന്ന പ്രായപരിധി 25**

അഫ്സൽ - ഉൽ - ഉലമ ( പ്രിലിമിനറി ) പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി 25 ആയി ഉയർത്തി. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് രണ്ട് വർഷം ഇളവ് ലഭിക്കും. കാലിക്കറ്റ് സർവകലാശാലയുടെ 2026 - 27 അധ്യയന വർഷത്തെ അഫ്സൽ - ഉൽ - ഉലമ ( പ്രിലിമിനറി ) പ്രവേശനത്തിനുള്ള അവസാന തീയതി സെപ്റ്റംബർ 22 വരേയ്ക്ക് നീട്ടി. ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം നേടുന്നതിനായി കോളേജുമായി ബന്ധപ്പെടേണ്ടതാണ്. ഇതുവരെ രജിസ്ട്രേഷൻ ചെയ്യാത്തവർക്കായി ലേറ്റ് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. ലേറ്റ് രജിസ്ട്രേഷൻ ഫീസ് : എസ്.സി. / എസ്.ടി. - 570 രൂപ. മറ്റുള്ളവർ 870 രൂപ. ഫോൺ : 0494 2407016, 2407017, 2660600.

***പി.ആർ. 1303/2026***

**കുറ്റിപ്പുറം എസ്.എം.എസ്-ൽ**
**എം.ബി.എ. സീറ്റൊഴിവ്**

കുറ്റിപ്പുറത്തുള്ള കാലിക്കറ്റ് സർവകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ (എസ്.എം.എസ്.) 2026 - 27 അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിന് ജനറൽ / സംവരണ സീറ്റൊഴിവുണ്ട്. ഡിഗ്രി തലത്തിൽ 50 ശതമാനം മാർക്ക് ( സംവരണ വിഭാഗക്കാർക് മാർക്കിളവ് ലഭിക്കും ) നേടിയവർക്ക് സെപ്റ്റംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം. താത്പര്യമുള്ളവർ അപേക്ഷയുടെ പകർപ്പ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സെപ്റ്റംബർ 14-ന് വൈകീട്ട് 05.00 മണിക്ക് മുൻപായി കുറ്റിപ്പുറം എസ്.എം.എസ്.-ൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0494 2607224, 8547537224.

***പി.ആർ. 1304/2026***

**നാലു വർഷ ബിരുദ പ്രോഗ്രാം**
**കോഴ്സുകളുടെ വിവരങ്ങൾ 18-നകം നൽകണം**

നാലു വർഷ ബിരുദ പ്രോഗ്രാം 2025 പ്രവേശനം വിദ്യാർഥികൾക്ക് മൂന്നാം സെമസ്റ്ററിൽ പ്രധാന വിഷയം മാറ്റി ഡെഫിഷ്യൻസി ക്രെഡിറ്റുകൾ നേടുക്കുന്നതിനായി ഒന്നും രണ്ടും സെമസ്റ്ററുകളിൽ എഴുതേണ്ട കോഴ്സുകളുടെ വിവരങ്ങളും എക്സ്ട്രാ ക്രെഡിറ്റ്സായി പരിഗണിക്കേണ്ടത് ഏതൊക്കെ കോഴ്സുകളുടെ ക്രെഡിറ്റാണെന്നും സർവകലാശാല മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് കോളേജുകൾ സെപ്റ്റംബർ 18-നകം നിശ്ചിത പ്രൊ ഫോർമയിൽ പരീക്ഷാഭവനെ അറിയിക്കേണ്ടതാണ്. ഇ-മെയിൽ : cufyugpcell@uoc.ac.in .

***പി.ആർ. 1305/2026***

**ഒന്നാം സെമസ്റ്റർ എഫ്.വൈ.യു.ജി.പി.**
**കോഴ്സ് രജിസ്ട്രേഷൻ**

ഒന്നാം സെമസ്റ്റർ നാലു വർഷ ബിരുദ പ്രോഗ്രാം (എഫ്.വൈ.യു.ജി.പി. - 2026 പ്രവേശനം) കോഴ്സ് രജിസ്ട്രേഷനുള്ള ലിങ്ക് സെപ്റ്റംബർ 14 മുതൽ 24 വരെ കോളേജ് പോർട്ടലിൽ ലഭ്യമാകും.

***പി.ആർ. 1306/2026***

**ബി.വോക്.**
**കോഴ്സ് സെലക്ഷൻ / കോഴ്സ് രജിസ്ട്രേഷൻ**

ഒന്നാം സെമസ്റ്റർ ബി.വോക്. (സി.യു.എഫ്.വൈ.വി.പി. - 2026 പ്രവേശനം) നവംബർ 2026 റഗുലർ പരീക്ഷകളുടെ മൾട്ടി ഡിസിപ്ലിനറി കോഴ്സ് സെലക്ഷനും മൈനർ ഡിസിപ്ലിൻ സെലക്ഷനുമുള്ള ലിങ്ക് സെപ്റ്റംബർ 14 മുതൽ 19 വരെയും കോഴ്സ് രജിസ്ട്രേഷനുള്ള ലിങ്ക് സെപ്റ്റംബർ 14 മുതൽ 28 വരെയും കോളേജ് പോർട്ടലിൽ ലഭ്യമാകും.

***പി.ആർ. 1307/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പരീക്ഷാഫലം**

ബി.ആർക്. ( 2012 സ്കീം ) നാല്, ആറ് സെമസ്റ്റർ (2014 പ്രവേശനം) സെപ്റ്റംബർ 2024, (2015 പ്രവേശനം) സെപ്റ്റംബർ 2025 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ  മൂല്യനിർണയത്തിന് 28 വരെ അപേക്ഷിക്കാം.

ആറാം സെമസ്റ്റർ ബി.എം.എം.സി. ( സി.യു.സി.ബി.സി.എസ്.എസ്. - യു.ജി. - ( റഗുലർ ) 2014, 2015, 2016 പ്രവേശനം ) സെപ്റ്റംബർ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1308/2026***

**ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി**
**പുനർമൂല്യനിർണയഫലം**

വിദൂര വിഭാഗം ആറാം സെമസ്റ്റർ ബി.എ., ബി.എസ് സി. മാത്തമാറ്റിക്സ് (സി.സി.എസ്.എസ്. - 2011, 2012, 2013 പ്രവേശനം) ഏപ്രിൽ 2021 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1309/2026***

**പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.എസ് സി. ബയോകെമിസ്ട്രി, എം.എ. ഉറുദു, എം.എ. അറബിക് (സി.സി.എസ്.എസ്. - 2024 പ്രവേശനം) ഏപ്രിൽ 2026 റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

നാലാം സെമസ്റ്റർ ബി.ആർക്. (2012 സ്കീം- 2016 പ്രവേശനം) ഏപ്രിൽ 2026 സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 28 വരെ അപേക്ഷിക്കാം.

***പി.ആർ. 1310/2026***

**സൂക്ഷ്മപരിശോധനാഫലം**

നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ്, ഇക്കണോമിക്സ്, ഹിന്ദി, എം.എസ് സി. മാത്തമാറ്റിക്സ്, സൈക്കോളജി, ക്ലിനിക്കൽ സൈക്കോളജി, കെമിസ്ട്രി (സി.ബി.സി.എസ്.എസ്. - പി.ജി.) ഏപ്രിൽ 2026 പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ ബി.എസ് സി., ബി.സി.എ.(സി.ബി.സി.എസ്.എസ്.-യു.ജി.)ഏപ്രിൽ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1311/2026***